


# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

ദു:ഖവെള്ളി

2023
ഏപ്രിൽ 07




# മൂന്നാമത്തെ ആണി

ഉത്പ 22:1-19, ഏശ 52:13-53:9, റോമ 5:6-16
കർത്താവിന്റെ പീഡാനുഭവഭാഗങ്ങൾ

ഫ്രാൻസിസ് പാപ്പാ ശ്വാസകോശത്തിൽ അണുബാധയേറ്റ് ആശുപത്രിയിൽ ചികിത്സയിലാണ് എന്ന വാർത്ത വന്നതിന് താഴെ ഒരാൾ കുറിച്ചു: എന്തിന് ആശുപത്രിയിൽ ചികിത്സ തേടുന്നു? അന്ധരെയും ബധിരരെയുമൊക്കെ ചികിത്സിച്ച് സുഖപ്പെടുത്തുന്ന ആളുടെ സഭയല്ലേ? പ്രാർത്ഥിച്ചു സുഖപ്പെടുത്താൻ പറ! കുറേ നാളുകളായി നിരന്തരം കേൾക്കുന്ന ഒരു പരിഹാസമാണിത്. അന്ധരെയും മുടന്തരെയുമൊക്കെ സുഖപ്പെടുത്തിയ യേശു ക്രിസ്തുവിന്റെ അനുയായികൾ എന്തിന് ആശുപത്രിയിൽ പോകുന്നു? വി. ജോൺ പോൾ രണ്ടാമൻ മാർ പാപ്പായുടെ പാർക്കിൻസൺസ് രോഗം എന്തു കൊണ്ട് പ്രാർത്ഥിച്ചു സുഖപ്പെടുത്തിയില്ല?

ക്രിസ്തുവിനെ ശരിക്ക് മനസ്സിലാക്കിയിട്ടില്ലാത്തവരാണ് ഇത്തരം ബാലിശമായ ചോദ്യങ്ങൾ ചോദിക്കുന്നത്. അഞ്ചപ്പത്തെ അയ്യായിരം പേർക്കായി വർദ്ധിപ്പിച്ച യേശു തന്നെയാണ് മരുഭൂമിയിലെ കല്ലുകൾ അപ്പമാക്കാനുള്ള പ്രലോഭനത്തെ നിരസിച്ചത്. ലാസറിനെ ഉയിർപ്പിച്ച യേശു തന്നെയാണ് ഒരത്ഭുതം ചെയ്ത് കുരിശിൽ നിന്നിറങ്ങി വരാനുള്ള പ്രലോഭനത്തെയും തിരസ്കരിച്ചത്. അപ്പോൾ സൗഖ്യം, അത്ഭുതം എന്നൊക്കെ പറയുന്നത് മറ്റൊരു കാര്യമാണ്. യേശുവിന്റെ മനുഷ്യാവതാരത്തിന്റെ കാതൽ കുരിശാണ്!

മറ്റുള്ളവർക്കു വേണ്ടി എല്ലാം ചെയ്യുന്ന ക്രിസ്തു തന്റെ സുരക്ഷയ്ക്കു വേണ്ടി ഒന്നും ചെയ്യുന്നില്ല എന്ന ഉദാഹരണങ്ങൾ കൊണ്ട് സുവിശേഷം സമ്പന്നമാണ്. ക്രിസ്തുവിനെ സംബന്ധിച്ച് സൗഖ്യം സ്നേഹത്തിന്റെ പ്രകടനമാണ്. മനുഷ്യവംശത്തോടുള്ള സ്നേഹത്തിന്റെ. അത് അപരനിലേക്കുള്ള ആത്മപ്രവാഹമാണ്. അതിന് വേണ്ടി അവിടുന്ന് കൊടുക്കുന്ന വിലയാണ് കുരിശ് - സഹനം.

എന്താണ് മനുഷ്യന്റെ ഏറ്റവും




അഭിലാഷ് ഫ്രേസർ

വലിയ സൗഖ്യം? അത് നിത്യജീവ നാണ്. നിത്യമരണം എന്ന മഹാരോഗം സൗഖ്യപ്പെടുന്നതാണ് നിത്യജീവൻ. ആ പരമസൗഖ്യം മനുഷ്യർക്ക് നൽകുവാൻ വേണ്ടിയാണ് ക്രിസ്തു ഈ ഭൂമിയിൽ വന്നത്. 'നശ്വരമായ അപ്പത്തിന് വേണ്ടി അധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന നിത്യജീവന്റെ അനശ്വരമായ അപ്പത്തിന് വേണ്ടി അധ്വാനിക്കുവിൻ' എന്ന വചനം കൂടുതൽ വ്യക്തത തരുന്നുണ്ട്. ഈ നിത്യമരണം എന്ന മഹാരോഗം പാപത്തിന്റെ ജനിതകസമ്പാദ്യമാണ്. ആ മരണത്തിന്റെ കടലാഴങ്ങളിൽ നിന്ന് നിത്യജീവന്റെ തീരഭൂവിലേക്ക് മനുഷ്യരെ നയിക്കുന്ന ഒരു ഗോവണിയാണ് ക്രിസ്തുവിന്റെ കുരിശു മരണം.

സഹനങ്ങളെ കുറിച്ച് പറയാതെ ക്രിസ്തുവിന്റെ സൗഖ്യങ്ങളെ കുറിച്ചു മാത്രം പറയുമ്പോൾ നമുക്ക് തെറ്റു പറ്റുന്നു. സൗഖ്യം നേടുന്നൊരാൾ ക്രിസ്തുവിന്റെ ഒപ്പമാകണം എന്ന് നിർബന്ധമില്ല. ഒരാൾക്ക് വേണമെങ്കിൽ സൗഖ്യം സ്വീകരിച്ചിട്ട് സ്വന്തം വഴിക്കു പോകാം, സുവിശേഷത്തിലെ ആ ഒൻപത് കുഷ്ഠരോഗികളെ പോലെ. എന്നാൽ സഹിക്കുമ്പോൾ നാം ക്രിസ്തുവിന് ഒപ്പമാണ്. സഹനങ്ങളുടെ ബലം നാം ക്രിസ്തുവിന്റെ സൗഖ്യത്തോട് ചേർത്തു വയ്ക്കുകയാണ് ചെയ്യുന്നത്. ആ സഹനത്തിന്റെ കാർമേഘങ്ങളിൽ നിന്ന് പൊഴിയുന്ന മഴയാണ് ഭൂമിയുടെ സൗഖ്യം. വരണ്ടു പോകാമായിരുന്ന ജീവിതങ്ങളെ സജലമാക്കുന്ന മേഘങ്ങളാണ് ക്രിസ്തുവിനൊപ്പം സഹിക്കുന്നവർ. സൗഖ്യം ലഭിച്ചവർ ഒരു പക്ഷേ, പിന്നീട് ക്രിസ്തുവിനെ മറന്നു പോയേക്കാം, ബറാബ്ബസിന് ജയ് വിളിച്ച യഹൂദരെ പോലെ. എന്നാൽ ക്രിസ്തുവിന്റെ കുരിശിനെ നെഞ്ചിലേറ്റിയവരും ആ ഹൃദയമുറിവിന്റെ സ്പന്ദനം കാതോർത്തവരും അവസാനം വരെ അവന്റെ കൂടെ യുണ്ടാകും, പരിശുദ്ധ അമ്മയെയും യോഹന്നാനെയും പോലെയുള്ളവർ.

കുരിശ് ഭാരമായി തോന്നുന്നത് ക്രിസ്തുവിനോട് ചേർന്നു നിന്ന് സഹിക്കാതിരിക്കുമ്പോഴാണ്. കുരിശ് സ്നേഹ ത്തിന്റെ മറുവശമാണെന്ന് കണ്ടെത്തുകയാണ് ഉൾവെളിച്ചം. അയോഗ്യതയുടെ താഴ്വരയിൽ പാർക്കുന്ന നമ്മൾ ക്രിസ്തുവിന് യോഗ്യരാകുന്നതിന് അവിടുന്ന് വച്ചിരിക്കുന്ന ഉപാധി കുരിശ് തന്നെയാണ്. പരാജയപ്പെടുന്നവർക്കും പീഡിതർക്കും ഇതാ ഒരു സദ്വാർത്ത! നിങ്ങളുടെ പരാജയങ്ങളും ബലമില്ലായ്മകളും എടുത്ത് തോളിൽ വയ്ക്കുക. ആദ്യം അവ തോളു പൊളിക്കുന്ന ഭാരം. പിന്നെ, പതുക്കെ പതുക്കെ ഈ ഭാരങ്ങളിൽ സ്നേഹത്തിന്റെ തൂവലുകൾ കിളിർത്തു തുടങ്ങുമ്പോൾ ഈ ഭാരം തന്നെ നിങ്ങൾക്ക് കൃപയുടെ ചിറകായി മാറും. ഇങ്ങനെയാണ് പാവപ്പെട്ട പുഴുക്കൾ ശലഭങ്ങളാകുന്നത്. ഭൂമിയിലെ നിരാലംബജീവികൾക്കുള്ള കരുണയുടെ ക്ഷണക്കത്താണ് കുരിശ്!

സ്നേഹത്തന്റെ പരമോദാത്ത ഭാവം ചിത്രീകരിക്കാനാവശ്യപ്പെട്ടപ്പോൾ അതീവ മസൃണമായ മാതൃഭാവങ്ങളെ വരയ്ക്കുന്നവർക്കിടയിലിരുന്ന് ഒരാൾ ക്രൂശിതനായ ക്രിസ്തുവിനെ വരച്ചത് പരിഹാസച്ചിരികൾക്ക് ഇടവരുത്തിയിട്ടുണ്ടാകാം. എന്നാൽ, പെറ്റമ്മ മറന്നാലും സ്നേഹിക്കുന്ന ഒരു ദൈവഹൃദയത്തുടിപ്പിന്റെ പരമകാഷ്ഠയാണ് ഈ വന്യമായ ചിത്രമെന്ന് വെളിപ്പെട്ടു കിട്ടാൻ ഒരു നുള്ള് കൃപ കൂടി വേണം!

കുരിശിൻ ചുവട്ടിലെത്തുന്നതു വരെ നിങ്ങളൊരിക്കലും സ്നേഹത്തിന്റെ പരമാഗാധതകളറിയുന്നില്ല. യോഹന്നാൻ സ്നേഹത്തിന്റെ സുവിശേഷകനായി രൂപാന്തരപ്പെട്ടത് അയാൾ കുരിശിന്റെ താഴെ ഉണ്ടായിരുന്നതു കൊണ്ടാണ്. ദൈവം സ്നേഹമാണ്. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല എന്നൊക്കെ എഴുതാൻ അയാൾക്ക് മാത്രം കഴിഞ്ഞത് കുരിശിലെ തീ ആളുന്ന വേളയിൽ മറ്റാരെയുംകാൾ അയാൾ അതിനോട് അടുത്തു നിന്ന് പൊള്ളലേറ്റതു കൊണ്ടാണ്. സ്നേഹത്തെ കുറിച്ചല്ലാതെ മറ്റൊന്നും അന്ത്യകാലത്ത് അയാൾക്ക് പറയാനുണ്ടായിരുന്നില്ലത്രേ! ഇളം തെന്നലിന്റെ മൃദുലത മാത്രമല്ല സ്നേഹത്തിന്റെ ഭാവം. ആത്മാവിനെ മരണത്തോളം ഉലയ്ക്കുന്ന കൊടുങ്കാറ്റിന്റെ വന്യത കൂടിയുണ്ടതിന്. കുരിശ് ഈ ഭാവത്തിന്റെ ചിത്രീകരണമാണ്.

അനവധി ഡയാലിസിസുകളിലൂടെ കടന്നു പോയൊരാൾ ആണിയുടെ വലുപ്പമുള്ള രണ്ട് സൂചികൾ കൈത്തണ്ടയിലേറ്റി കിടക്കുമ്പോൾ ഒരു ഡയറിയിൽ കുറിച്ചു വച്ചു: രണ്ടാണികൾ ഇവിടെയുണ്ട്. മൂന്നാമത്തേതെവിടെ? രണ്ടാണികൾ നമുക്കൊക്കെയുണ്ട്. അനുദിന ജീവിതത്തിലവ സുലഭം. പക്ഷേ, മൂന്നാമത്തേതാണ് പ്രധാനം. മൂന്ന് തികയുമ്പോഴാണ് നാം ക്രിസ്തുവിന് യോഗ്യരാവുക. അത് ആത്മാവിലേക്ക് തുളഞ്ഞു കയറുന്ന ആണിയാണ്. ശാഖയെ മുന്തിരി വള്ളിയോട് ചേർത്തു നിർത്തുന്നതു പോലെ നമ്മെ ക്രിസ്തുവിലേക്ക് ചേർത്തു നിർത്തുന്നത് ഈ ആണിയാണ്.

ജീവിതത്തിന്റെ സ്വച്ഛസ്വപ്നങ്ങളുടെ മധ്യേ നിന്ന് നിണഗന്ധമുള്ള ഒരു ചിറകൊച്ച നിന്നെ ഉണർത്തുന്നുവെങ്കിൽ അസ്വസ്ഥനാകരുത്. വിനാശത്തിന്റെ നിദ്രയിൽ നിന്നാവാം അത് നിന്നെ ഉണർത്തുന്നത്. ആ ചിറകടിയൊച്ചയെ പിൻചെല്ലുക. അതിന്റെ താളങ്ങളറിയുക. ആദ്യമൊക്കെ അത് നിന്റെ ഹൃദയതാളത്തെ പരിഭ്രമിപ്പിക്കും. പിന്നെപ്പിന്നെ സാവധാനം അതിന്റെ സംഗീതം നീ കണ്ടെത്തും. ആത്മാവ് കൊണ്ട് കാതോർക്കുമ്പോൾ നീ തിരിച്ചറിയും - അതിന് പ്രപഞ്ചത്തിലെ ഏറ്റവും സ്നേഹാർദ്രമായ ഹൃദയത്തിന്റെ താളമാണെന്ന്. അപ്പം മുറിക്കുന്ന രാത്രിയിൽ യോഹന്നാൻ കാതോർത്ത ഹൃദയതാളം. കാൽവരിയിൽ എത്തി നിൽക്കാനാവുമെങ്കിൽ പിന്നെ ഒന്നും ദൂരെയല്ല. ഉയിർപ്പ് വളരെ അടുത്താണ്. സ്വർഗവും നിത്യതയും വളരെ അടുത്താണ്. ജീവനിൽ നിന്ന് മരണത്തിലേക്കും മരണത്തിൽ നിന്ന് നിത്യജീവനിലേക്കും... എല്ലാം വളരെ വളരെ അടുത്താണ്!

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com